# കർമ്മാതീത സ്ഥിതിയുടെ ലക്ഷണങ്ങൾ

കർമ്മാതീത സ്ഥിതിയുടെ സമീപത്ത് വന്നു കൊണ്ടിരിക്കുന്നു. കർമ്മവും അഭിവൃദ്ധി പ്രാപ്തമാക്കി കൊണ്ടിരിക്കുന്നു. എന്നാൽ കർമ്മാതീതം അർത്ഥം കർമ്മത്തിന്റെ ഏതൊരു ബന്ധനത്തിന്റെയും സ്പർശനത്തിൽ നിന്നുപരി. ഇങ്ങനെയുള്ള അനുഭവം വർദ്ധിച്ചു കൊണ്ടിരിക്കണം. ആത്മാവായ ഞാൻ ഈ ശരീരത്തിലൂടെ കർമ്മം ചെയ്തില്ലേ, അതേപോലെ നിർമ്മോഹിയുമായിരിക്കണം. കാര്യത്തെ സ്പർശിക്കുന്നതിലും നിർമ്മോഹി, ചെയ്തതിന് ശേഷം ലഭിക്കുന്ന ഫലത്തെ പ്രാപ്തമാക്കുന്നതിലും നിർമ്മോഹി. കർമ്മത്തിന്റെ ഫലം അർത്ഥം ലഭിക്കുന്ന ഫലത്തെ പോലും സ്പർശിക്കരുത്, തീർത്തും നിർമ്മോഹിയുടെ അനുഭവം ചെയ്യണം. മറ്റാരോ ചെയ്യിച്ചു, ഞാൻ ചെയ്തു. ആരോ ചെയ്യിച്ചു, ഞാൻ നിമിത്തമായി. എന്നാൽ നിമിത്തമാകുന്നതിലും നിർമ്മോഹി. അങ്ങനെ കർമ്മാതീത സ്ഥിതി വർദ്ധിക്കുന്നു എന്ന ഫീൽ ഉണ്ടാകുന്നുണ്ടോ?

മഹാരഥികളുടെ സ്ഥിതി സ്നേഹി നിർമ്മോഹി സ്ഫഷ്ടമായി കൊണ്ടിരിക്കുന്നു. ബ്രഹ്മാബാബ സ്പഷ്ടമായിരുന്നു, അതേപോലെ സമ്പർവാർ നിങ്ങൾ നിമിത്തമായ ആത്മാക്കളും സാകാര സ്വരൂപത്തിലൂടെ സ്പഷ്ടമായി കൊണ്ടിരിക്കുന്നു. കർമ്മാതീതം അർത്ഥം സ്നേഹിയും നിർമ്മോഹിയും. കർമ്മം മറ്റുള്ളവരും ചെയ്യുന്നുണ്ട്, നിങ്ങളും ചെയ്യുന്നു എന്നാൽ നിങ്ങൾ കർമ്മം ചെയ്യുന്നതിൽ വ്യത്യാസമുണ്ട്. സ്ഥിതിയിലും വ്യത്യാസമുണ്ട്. കഴിഞ്ഞത് കഴിഞ്ഞു നിർമ്മോഹിയായി.കർമ്മം ചെയ്തു, അതിന് ശേഷം ഒന്നും ചെയ്യാത്ത പോലെ അനുഭവം ഉണ്ടാകുന്നു. ചെയ്യിക്കുന്നവൻ ചെയ്യിച്ചു. അങ്ങനെയുള്ള സ്ഥിതിയുടെ അനുഭവം ചെയ്തു കൊണ്ടിരിക്കും. ഭാര രഹിതരായിരിക്കും. കർമ്മം ചെയ്തു കൊണ്ടും ശരീരവും ഭാര രഹിതമാകും, മനസ്സിന്റെ സ്ഥിതിയിലും ഭാര രഹിതം. കർമ്മത്തിന്റെ ഫലം മനസ്സിനെ ആകർഷിക്കുന്നു. അങ്ങനെയുള്ള സ്ഥിതിയാണോ? എത്രത്തോളം കാര്യം വർദ്ധിക്കുന്നുവൊ അത്രത്തോളം ഭാരരഹിതമായ അവസ്ഥയും വർദ്ധിക്കും. കർമ്മം തന്റെ നേർക്ക് ആകർഷിക്കില്ല എന്നാൽ അധികാരിയായി കർമ്മം ചെയ്യിക്കുന്നവൻ ചെയ്യിച്ചു കൊണ്ടിരിക്കുന്നു, നിമിത്തമായി ചെയ്യുന്നവർ നിമിത്തമായി ചെയ്തു കൊണ്ടിരിക്കുന്നു.

ആത്മാവിന്റെ ഭാര രഹിതമായ അവസ്ഥയുടെ ലക്ഷണമാണ്– ആത്മീവിന്റെ വിശേഷ ശക്തികൾ മനസ്സ്, ബുദ്ധി, സംസ്ക്കാരം, ഇവ മൂന്നും വളരെ ഭാര രഹിതമാകും. സങ്കല്പവും തീർത്തും ഭാരമില്ലാത്ത സ്ഥിതിയുടെ അനുഭവം ചെയ്യിക്കും. ബുദ്ധിയുടെ നിർണ്ണയ ശക്തിയും അങ്ങനെ നിർണ്ണയിക്കും, ഒന്നും ചെയ്തതായി തോന്നില്ല, മറ്റൊരു സംസ്ക്കാരവും തന്റെ നേർക്ക് ആകർഷിക്കില്ല. ബാബയുടെ സംസ്ക്കാരം കാര്യം ചെയ്തു കൊണ്ടിരിക്കുന്നു. ഈ മനസ്സ്–ബുദ്ധി–സംസ്ക്കാരം, സൂക്ഷ്മ ശക്തികൾ മൂന്നിലും ഭാര രഹിതമായ അനുഭവം ചെയ്യും. സ്വതവേ തന്നെ സർവ്വരുടെയും ഹൃദയത്തിൽ നിന്നും, മുഖത്തിൽ നിന്നും വരും– ബാബയേ പോലെ കുട്ടികളും സ്നേഹി നിർമ്മോഹിയാണ് എന്ന്. കാരണം സമയത്തിനനുസരിച്ച് പുറമേയുള്ള അന്തരീക്ഷം ദിനം പ്രതി ദിനം ഭാരമുള്ളതായി മാറും. പുറമേയുള്ള അന്തരീക്ഷം എത്രത്തോളം ഭാരമുള്ളതാകുന്നുവൊ അത്രയും കുട്ടികളുടെ സങ്കല്പം, കർമ്മം, സംബന്ധം ഭാര രഹിതമായി കൊണ്ടിരിക്കും, ഇത് കാരണം മുഴുവൻ കാര്യം ലൈറ്റായി തന്നെ നടക്കും. വായുമണ്ഡലം തമോപ്രദാനമായത് കാരണം പല പ്രകാരത്തിലൂടെ ഭാരമുള്ളതായുള്ള അനുഭവം ചെയ്യും. പ്രകൃതിയുടെയും ഭാരമുണ്ടാകുന്നു. മനുഷ്യാത്മാക്കളുടെ മനോഭാവനകളുടെയും ഭാരം ഉണ്ടാകും. ഇതിന് വേണ്ടിയും ഭാര രഹിതമാകണം, മറ്റുള്ളവരെയും ഭാര രഹിതമാക്കും. ശരി, സർവ്വരും സുഖമായിട്ടല്ലേയിരിക്കുന്നത്. ജോലിയുടെ പ്രഭാവം നിങ്ങളുടെ മേൽ ഉണ്ടാകുന്നില്ലല്ലോ. എന്നാൽ നിങ്ങളുടെ പ്രഭാവം ജോലിയിൽ പതിയുന്നു. കാര്യത്തിന്റെ ചഞ്ചലതയുടെ പ്രഭാവം നിങ്ങളുടെ മേൽ ഉണ്ടാകുന്നില്ല. അചഞ്ചലമായ സ്ഥിതി കാര്യത്തെയും അചഞ്ചലമാക്കുന്നു. സർവ്വ രീതിയിലൂടെയും അസംഭവ്യമായ കാര്യം സംഭവ്യവും സഹജവുമായി കൊണ്ടിരിക്കുന്നു, ആയി കൊണ്ടിരിക്കും. ശരി.

**ഹൃദയസിംഹാസനസ്തരും വിശ്വ സിംഹാസനസ്തരുമാകുന്നതിന് സുഖം നല്കൂ, സുഖം എടുക്കൂ**

ഇന്ന് വിശ്വത്തിന്റെ അധികാരി, തന്റെ ബാലകൻ തന്നെ അധികാരിയായ കുട്ടികളെ കണ്ടു കൊണ്ടിരിക്കുകയായിരുന്നു. സർവ്വ കുട്ടികളും ഈ സമയത്തും സ്വയത്തിന്റെ അധികാരിയാണ്, അനേക ജന്മം വിശ്വത്തിന്റെ അധികാരികളാണ്. പരമാത്മ–ബാലകൻ അധികാരിയായി മാറുന്നു. ബ്രാഹ്മണാത്മാക്കളഅഞ്ഞ അർത്ഥം അധികാരി ആത്മാക്കൾ. ഈ സമയത്ത് സർവ്വ കർമ്മേന്ദ്രിയങ്ങളുടെ അധികാരിയാണ്, അധീന

രായ ആത്മാക്കളല്ല. അധികാരിയാണ്. കർമ്മേന്ദ്രിയങ്ങൾക്ക് വശപ്പെട്ടിട്ടില്ല അതിനാൽ ബാലകൻ തന്നെ അധികാരയാണ്. ബാലകന്റെയും ഈശ്വരീയ ലഹരി അനുഭവിക്കുന്നു, സ്വരാജ്യത്തിന്റെ അധികാരിയുടെ ലഹരിയും അനുഭവിക്കുന്നു. ഡബിൾ ലഹരിയാണ്. ലഹരിയുടെ ലക്ഷണമാണ് അവിനാശി ആത്മീയ സന്തോഷം. സദാ സ്വയത്തെ വിശ്വത്തിൽ സൗഭാഗ്യശാലി ആത്മാക്കളാണെന്ന് മനസ്സിലാക്കുന്നുണ്ടോ? ആഹാ എന്റെ ശ്രേഷ്ഠമായ ഭാഗ്യം. സൗഭാഗ്യശാലികളുമാണ് സദാ സന്തോഷത്തിന്റെ ടോണിക്ക് കഴിക്കുന്നുമുണ്ട്, കഴിപ്പിക്കുന്നുമുണ്ട്. അതോടൊപ്പം സദാ സന്തോഷത്തിന്റെ ഊഞ്ഞാലിൽ ആടിക്കൊണ്ടിരിക്കുന്നു. മറ്റുള്ളവർക്കും സന്തോഷത്തിന്റെ മഹാദാനം നല്കി സൗഭാഗ്യശാലികളാക്കി മാറ്റുന്നു. അങ്ങനെ ജീവിതത്തെ അമൂല്യവും വജ്ര സമാനവുമാക്കുന്നവരാണ്. ആയി തീർന്നോ അതോ ഇനിയാകണോ? ബ്രാഹ്മണ ജീവിതത്തിന്റെ അർത്ഥം തന്നെയാണ്– സന്തോഷത്തിലിരിക്കുക, സന്തോഷത്തിന്റെ ടോനിക്ക് കഴിക്കുക, സന്തോഷത്തിന്റെ ഊഞ്ഞാലിൽ ആടുക. അങ്ങനെയുള്ള ബ്രാഹ്മണരല്ലേ? സന്തോഷമില്ലാത്ത ജീവിതം തന്നെയെന്താണ്? ജീവിതം തന്നെ സന്തോഷമാണ്. സന്തോഷമില്ലായെങ്കിൽ ബ്രാഹ്മണ ജീവിതമില്ല. സന്തോഷത്തോടെയിരിക്കുക തന്നെയാണ് ജീവിക്കുക എന്നത്.

ഇന്ന് ബാപ്ദാദ സർവ്വ കുട്ടികളുടെ പുണ്യത്തിന്റെ കണക്ക് കണ്ടു കൊണ്ടിരിക്കുകയായിരുന്നു കാരണം നിങ്ങൾ സർവ്വരും പുണ്യാത്മാക്കളാണ്. പുണ്യത്തിന്റെ കണക്ക് അനേക ജന്മത്തേക്കായി സമ്പാദിച്ചു കൊണ്ടിരിക്കുന്നു. മുഴുവൻ ദിനത്തിൽ പുണ്യം എത്രമാത്രം ശേഖരിച്ചു? ഇത് സ്വയം ചെക്ക് ചെയ്യാൻ സാധിക്കില്ലേ? ഒന്നുണ്ട് ദാനം ചെയ്യുക, രണ്ടാമത് പുണ്യം ചെയ്യുക. ദാനത്തേക്കാൾ പുണ്യത്തിനാണ് കൂടുതൽ മഹത്വമുള്ളത്. പുണ്യ കർമ്മം നിസ്വാർത്ഥമായ സേവാഭാവത്തോടെയുള്ള കർമ്മമാണ്. പുണ്യ കർമ്മം കാണപ്പടാൻ സാധിക്കില്ല, പക്ഷെ ഹൃദയത്തിൽ നിന്നാണ് ഉണ്ടാകുന്നത്. ദാനം കാണിക്കാൻ വേണ്ടി ചെയ്യുന്നതുമുണ്ട്, ഹൃദയത്തിൽ നിന്നും ചെയ്യുന്നതുമുണ്ട്. പുണ്യ കർമ്മം അർത്ഥം ആവശ്യ സമയത്ത് ഏതെങ്കിലും ആത്മാവിന്റെ സഹയോഗിയാകുക അർത്ഥം ഉപയോഗപ്പെടുക. പുണ്യ കർമ്മം ചെയ്യുന്ന ആത്മാവിന് അനേകം ആത്മാക്കളുടെ ഹൃദയത്തിൽ നിന്നുംആശീർവാദങ്ങൾ പ്രാപ്തമാകുന്നു. കേവലം മുഖത്തിലൂടെ മാത്രമല്ല നന്ദി പറയുന്നത് എന്നാൽ ഹൃദയത്തിൽ നിന്നുള്ള ആശീർവാദം ഗുപ്തമായ പ്രാപ്തി ചെയ്യിക്കുന്നു. പുണ്യാത്മാവ് പരമാത്മ ആശീർവാദം, ആത്മാക്കളുടെ ആസീർവാദം– ഈ പ്രാപ്തമായ പ്രത്യക്ഷഫലം കൊണ്ട് സമ്പന്നമായിരിക്കുന്നു. പുണ്യാത്മാവിന്റെ മനോഭാവന, ദൃഷ്ടി മറ്റുള്ളവർക്കും ആശീർവാദത്തിന്റെ അനുഭവം ചെയ്യിക്കുന്നു. പുണ്യാത്മാവിന്റെ മുഖത്തിൽ സദാ പ്രസന്നത്, സന്തുഷ്ടതയുടെ തിളക്കം കാണപ്പെടുന്നു. പുണ്യാത്മാവ് സദാ പ്രാപ്തമായിട്ടുള്ള ഫലം കാരണം അഭിമാനത്തിൽ നിന്നും അപമാനത്തിൽ നിന്നും ഉപരിയായിരിക്കുന്നു കാരണം അവർ സമ്പന്നമായ ചക്രവർത്തിയാണ്. അഭിമാനം , അപമാനത്തിൽ നിന്നും നിശ്ചിന്ത ചക്രവർത്തി. പുണ്യാത്മാവ് പുണ്യത്തിന്റെ ശക്തിയിലൂടെ സ്വയത്തിന്റെ ഓരോ സങ്കല്പം, സമയത്തിന്റെ ചഞ്ചലതയെ, ഓരോ കർമ്മത്തെ സഫലമാക്കുന്നവരായിരിക്കും. പുണ്യത്തിന്റെ സമ്പാദ്യം ശേഖരിക്കപ്പെടുന്നു. സമ്പാദ്യത്തിന്റെ ലക്ഷണമാണ്– വ്യർത്ഥത്തിന്റെ സമാപ്തി. അങ്ങനെയുള്ള പുണ്യാത്മാവ് വിശ്വ രാജ്യ സിംഹാസനസ്തരായി മാറുന്നു. അതിനാൽ സ്വയത്തിന്റെ സമ്പാദ്യത്തെ ചെക്ക് ചെയ്യൂ– എത്രത്തോളം ഇങ്ങനെയുള്ള പുണ്യാത്മാവായി മാറി? എല്ലാവരും പുണ്യാത്മാവാണോ എന്ന് ചോദിക്കുകയാണെങ്കിൽ പറയും ഹാം ജീ എന്ന്. സർവ്വരും പുണ്യാത്മാക്കളാമ്. എന്നാൽ നമ്പർവാറാണോ അതോ സർവ്വരും നമ്പർവൺ ആണോ? നമ്പർവാറല്ലേ. സത്യയുഗം–ത്രേതായുഗത്തലെ വിശ്വത്തിന്റെ സിംഹാസനത്തിൽ എത്ര പേർ ഇരിക്കും? സർവ്വരും ഒരുമിച്ച് ഇരിക്കുമോ? അപ്പോൾ നമ്പർവാറല്ലേ? നമ്പർ ഉണ്ടാകുന്നത് എന്ത് കൊണ്ടാണ്? കാരണം? കുട്ടികളുടെ ഒരു വിശേഷപ്പെട്ട കാര്യം ബാപ്ദാദ ചെക്ക് ചെയ്തു. ആ കാര്യം തന്നെയാണ് നമ്പർവൺ ആകുന്നതിൽ തയസ്സം സൃഷ്ടിക്കുന്നത്. ഇപ്പോൾ തപസ്യാ വർഷത്തിൽ സർവ്വരുടെയും ലക്ഷ്യം സമ്പൂർണ്ണമാകുക എന്നതാണോ അതോ നമ്പർവാറാകുക എന്നതാണോ? സമ്പൂർണ്ണമാകണ്ടേ. നിങ്ങളെല്ലാവരും ഒരു സ്ലോഗൻ പറയുന്നുമുണ്ട്, എഴുതി വയ്ക്കുന്നുമുണ്ട്. അതാണ്– സുഖം നല്കൂ, സുഖം എടുക്കൂ. ദുഃഖം നല്കരുത്, ദുഃഖം എടുക്കരുത്. ഈ സ്ലോഗൻ പക്കായാണ്. അപ്പോൾ റിസൾട്ടിൽ എന്ത് കണ്ടു? ദുഃഖം നല്കാതിരിക്കൂ– ഇതിൽ ഭൂരിപക്ഷം പേരുടെയും ശ്രദ്ധയുണ്ട്. എന്നാൽ പകുതി സ്ലോഗൻ ശരിയാണ്. നല്കുന്ന സമയത്ത് ചിന്തിക്കുന്നു, നല്കരുത് എന്ന്. പക്ഷെ എടുക്കുന്ന സമയത്ത് പറയുന്നു– അവർ നല്കി അതു കൊണ്ടാണ് സംഭവിച്ചത് എന്ന്. ഇവർ ഇന്നത് പറഞ്ഞു, ഇങ്ങനെ പറഞ്ഞു, അതിനാൽ ഇങ്ങനെ സംഭവിച്ചു. അങ്ങനെയുള്ള ജഡ്ജ്മെന്റ് പാസാക്കുന്നു. സ്വയത്തിന്റെ തന്നെ വക്കീലായി കേസിൽ ഇത് തന്നെ പറയുന്നു. അപ്പോൾ പകുതി സ്ലോഗന്റെ മേലുള്ള ശ്രദ്ധ ശരിയാണ്, അതിൽ കൂടുതൽ അടിവരയിടണം. എന്നാലും പകുതി സ്ലോഗനിൽ ശ്രദ്ധയുണ്ട്, പക്ഷെ ബാക്കിയുള്ള പകുതി സ്ലോഗന്റെ മേൽ പേരിന് മാത്രം ശ്രദ്ധയുണ്ട്. അവർ നല്കി എന്നാൽ നിങ്ങൾ എന്തിന് എടുത്തൂ? നിങ്ങളോട് എടുക്കാൻ ആര് പറഞ്ഞു? ദൂഃഖം എടുക്കൂ, ദുഃഖം കൊണ്ട് സഞ്ചി നിറയ്ക്കൂ എന്നത് ബാബയുടെ ശ്രീമത്താണോ?

ദുഃഖം നല്കരുത്, ദുഃഖം എടുക്കരുത് എങ്കിലേ പുണ്യാത്മാവാകാൻ സാധിക്കുകയുള്ളൂ, തപസ്വിയാകാൻ സാധിക്കുകയുള്ളൂ. തപസ്വി അർത്ഥം പരിവർത്തനം, അതിനാൽ അവരുടെ ദുഃഖത്തെയും നിങ്ങൾ സുഖത്തിന്റെ രൂപത്തിൽ സ്വീകരിക്കൂ. പരിവർത്തനം ചെയ്യൂ എങ്കിൽ പറയാം തപസ്വീ. ഗ്ലാനിയെ പ്രശംസയാണെന്ന് മനസ്സിലാക്കൂ, എങ്കിൽ പറയാം പുണ്യാത്മാവ്. ജഗദംബാ മാതാവ് സദാ സർവ്വ കുട്ടികൾക്ക് ഇതേ പാഠം പക്കാ ചെയ്യിച്ചു– ഗ്ലാനി ചെയ്യുന്ന അഥവാ ദുഃഖം നല്കുന്ന ആത്മാവിനെ പോലും തന്റെ ദയാമനസ്കനായ സ്വരൂപത്തിലൂടെ, ദയാ ദൃഷ്ടിയിലൂടെ കാണൂ. ഗ്ലാനിയുടെ ദൃഷ്ടിയിലൂടെയല്ല. അവർ ഗ്ലാനി നല്കട്ടെ, നിങ്ങൾ പുഷ്പം വർഷിക്കൂ. എങ്കിൽ പറയാ പുണ്യാത്മാവ്. ഗ്ലാനി ചെയ്യുന്നവരെ ഹൃദയം കൊണ്ട് ആലിംഗനം ചെയ്യൂ. പുറമേ ആലിംഗനം ചെയ്യരുത്. എന്നാൽ മനസ്സ് കൊണ്ട്. അപ്പോൾ പുണ്യത്തിന്റെ സമ്പാദ്യം ശേഖരിക്കുന്നതിൽ ഇത് തന്നെയാണ് വിഘ്ന രൂപമാകുന്നത്. ഞാൻ ദുഃഖം എടുക്കുകയേ ചെയ്യരുത്. നല്കാനേ പാടില്ല, എന്നാൽ എടുക്കാനും പാടില്ല. നല്ല വസ്തുവല്ലായെങ്കിൽ പിന്നെ വേസ്റ്റ് എടുത്ത് എന്തിന് ശേഖരിക്കുന്നു? എവിടെയാണോ ദുഃഖം എടുത്തത്, അഴുക്ക് ശേഖരിച്ചത്, അപ്പോൾ അഴുക്കിൽ നിന്നും എന്ത് ഉണ്ടാകും? പാപത്തിന്റെ അംശമാകുന്ന അണുക്കൾ. ഇപ്പോൾ വലിയ പാപങ്ങളൊന്നും ചെയ്യുന്നില്ലല്ലോ. ഇപ്പോൾ പാപത്തിന്റെ അംശം അവശേഷിച്ചിരിക്കുന്നു. എന്നാൽ അംശം പോലും ഉണ്ടാകരുത്. ചില കുട്ടികൾ വലിയ മധുര മധുരമായ കാര്യങ്ങൾ കേൾപ്പിക്കുന്നു. സർവ്വരും ആത്മീയ സംഭാഷണം ചെയ്യുന്നുണ്ടല്ലോ? സർവ്വർക്കും ഒരു സ്ലോഗൻ പക്കായായി– ആഗ്രഹമില്ലായിരുന്നു പക്ഷെ സംഭവിച്ചു...നിങ്ങൾക്ക് ആഗ്രഹിക്കുന്നില്ലായെങ്കിൽ പിന്നെയാരാണ് ആഗ്രഹിക്കുന്നത് ? സംഭവിച്ചു പോയിയെന്ന് പറയുന്നത് മറ്റൊരാത്മാവാണ്. സംഭവിക്കാൻ പാടില്ലായിരുന്നു, എന്നാൽ സംഭവിച്ചു പോയി– ഇതാരാണ് പറയുന്നത്? മറ്റേതെങ്കിലും ആത്മാവാണോ പറയുന്നത് അതോ നിങ്ങൾ തന്നെയാണോ? അതിനാൽ ഈ മൂന്ന് കാര്യങ്ങൾ കാരണം തപസ്സ് തെളിയിക്കാൻ സാധിക്കുന്നില്ല. സംഭവിക്കാൻ പാടില്ലാത്തത്, ചെയ്യാൻ പാടില്ലാത്തത്, സംഭവിക്കാനും പാടില്ല ചെയ്യാനും പാടില്ല –ഇത് തന്നെയാണ് പുണ്യാത്മാവിന്റെ ലക്ഷണം. ബാപ്ദാദായുടെയടുത്ത് ദിവസവും കുട്ടികളുടെ അനേകം കഥകൾ വരുന്നുണ്ട്. പറയുമ്പോൾ താല്പര്യമുള്ള കഥകളുണ്ടാക്കി പറയുന്നുണ്ട്. ചിലർക്ക് നീണ്ട കഥ കേൾപ്പിക്കുന്ന ശീലമുണ്ട്, ചിലർ ചെറുതാക്കി കേൾപ്പിക്കുന്നു. എന്നാൽ കഥകൾ വളരെയധികം കേൾപ്പിക്കുന്നുണ്ട്. ഇന്ന് ഈ വർഷത്തെ മിലനത്തിന്റെ അന്തിമ അവസരമല്ലേ. സർവ്വരും അവസരം നേടാനല്ലേ എത്തിയിരിക്കുന്നത്. ഭക്തി മാർഗ്ഗത്തിൽ ഒന്ന് മുങ്ങി പൊങ്ങുന്നുണ്ട്, ആ സമയത്ത് എന്തെങ്കിലുമൊക്കെ സങ്കല്പം തീർച്ചയായും എടുക്കുന്നു, എന്തെങ്കിലും സ്വാഹാ ചെയ്യുന്നു, എന്തെങ്കിലും ആഗ്രഹം വയ്ക്കുന്നു. രണ്ട് രീതിയിലും സങ്കല്പിക്കുന്നു. അതിനാൽ തപസ്യാ വർഷത്തിൽ ഈ സങ്കല്പം വയ്ക്കൂ– മുഴുവൻ ദിനം സങ്കല്പത്തിലൂടെ, വാക്കുകളിലൂടെ, കർമ്മത്തിലൂടെ പുണ്യാത്മാവായി പുണ്യം ചെയ്യും, പുണ്യത്തിന്റെ ലക്ഷണം കേൾപ്പിച്ചു– പുണ്യത്തിന്റെ പ്രത്യക്ഷഫലമാണ് സർവ്വാത്മാക്കളുടെയും ആശീർവാദം. ഓരോ സങ്കല്പത്തിലും പുണ്യം ശേഖരിക്കപ്പെടണം. വാക്കുകളിൽ ആശീർവാദം ശേഖരിക്കപ്പെടണം. സംബന്ധ സമ്പർക്കത്തിൽ ഹൃദയത്തിൽ നിന്നും സഹയോഗത്തിന്റെ നന്ദി ഉണ്ടാകണം– ഇതിനെയാണ് പറയുന്നത് തപസ്യ എന്ന്. ഇങ്ങനെയുള്ള തപസ്യ വിശ്വ പരിവർത്തനത്തിന്റെ ആധാരമായി തീരും. ഇങ്ങനെയുള്ള റിസൾട്ടിനാണ് സമ്മാനം ലഭിക്കുന്നത്. പിന്നീട് ഇങ്ങനെ സംഭവിച്ചു എന്ന കഥ കേൾപ്പിക്കരുത്. ആദ്യത്തെ നമ്പറിൽ സമ്മാനം നേടേണ്ടത് ടീച്ചേഴ്സാണ്, കൂടെ മധുബൻ നിവാസികളും നേടണം കാരണം മധുബന്റെ അലകൾ, നിമിത്തമായ ടീച്ചേഴ്സിന്റെ അലകൾ കുടുംബത്തിലുള്ളവരിലും, ഈശ്വരീയ വിദ്യാർത്ഥികളിലും സഹജമായി എത്തുന്നു. അതിനാൽ നിങ്ങളുടെയെല്ലാം നമ്പർ മുന്നിൽ വരും. ഇനി നോക്കാം ആരുടെയൊക്കെ പേരുകൾ സമ്മാനം നേടുന്നതിൽ വരുന്നുവെന്ന്. ടീച്ചേഴ്സിന്റേതാണോ അതോ മധുബൻ നിവാസികളുടേതാണോ അതോ ഈശ്വരീയ വിദ്യാർത്ഥികളുടേതാണോ വരുന്നത്? ഡബിൾ വിദേശികളും തീവ്ര പുരുഷാർത്ഥം ചെയ്തു കൊണ്ടിരിക്കുന്നു. ബാപ്ദാദായുടെയടുത്ത് വളരെ സമ്മാനങ്ങളുണ്ട്, എത്ര വേണമെങ്കിലും എടുക്കാം. സമ്മാനത്തിന് കുറവൊന്നുമില്ല. ഖജനാവ് സമ്പന്നമാണ്. ശരി.

സർവ്വരും മേളയിൽ ത്തി ചേർന്നിരിക്കുന്നു. മേള ഇഷ്ടമായോ അതോ ബുദ്ധിമുട്ടായോ? മഴയും നിങ്ങളെ സ്വാഗതം ചെയ്തു, പ്രകൃതിക്കും നിങ്ങളോട് സ്നേഹമുണ്ട്. ഭയപ്പെട്ടില്ലല്ലോ? വളരെ നല്ല ബ്രഹ്മാഭോജനം ലഭിച്ചില്ലേ? 63 ജന്മം കഷ്ടപ്പെട്ടില്ലേ. ഇപ്പോൾ ലക്ഷ്യം ലഭിച്ചില്ലേ. മൂന്നടി ഭൂമിയും ലഭിച്ചല്ലോ. ഇത്രയും വലിയ ഹോൾ ഉണ്ടാക്കി അപ്പോൾ ഹോലിന്റെ ശോഭയും വർദ്ധിപ്പിച്ചില്ലേ. ഹോളിനെ സഫലമാക്കി. ആർക്കും പ്രയാസം ഉണ്ടായില്ലല്ലോ. പക്ഷെ മേള നടത്തി കൊണ്ടിരിക്കണം എന്നല്ല. രചനയോടൊപ്പം സാധനങ്ങളും കൂടെ തന്നെ വരുന്നുണ്ട്. ശരി.

സർവ്വ ബാലകൻ തന്നെ അധികാരിയായ ശ്രേശ്ഠാത്മാക്കൾക്ക്, സദാ ഓരോ ചുവടിലും പുണ്യത്തിന്റെ സമ്പാദ്യം ശേഖരിക്കുന്ന പുണ്യാത്മാക്കൾക്ക്, സദാ ഹൃദയസിംഹാസനസ്തരും, വിശ്വത്തിന്റെ രാജ്യ

സിംഹാസനത്തിന്റെ അധികാരികളായ വിശേഷ ആത്മാക്കൾക്ക് സദാ സുഖം നല്കുന്ന, സുഖം എടുക്കുന്ന മാസ്റ്റർ സുഖത്തിന്റെ സാഗരമായ ആത്മാക്കൾക്ക്, സദാ സന്തോഷത്തിലിരിക്കുന്ന, സന്തോഷം നല്കുന്ന മാസ്റ്റർ ദാതാവായ കുട്ടികൾക്ക് ബാപ്ദാദായുടെ സ്നേഹ സ്മരണയും നമസ്തേ.

ദാദിമാരോട്– ബാപ്ദാദ കണ്ടു സർവ്വ മഹാരഥികൾ ഹൃദയം കൊണ്ട് സർവ്വരെയും ശക്തിശാലിയാക്കുന്നത്തിനുള്ള വളരെ നല്ല സേവനം ചെയ്തു. ഇതിന് നന്ദിയെന്ത് പറയണം എന്നാൽ സമ്പാദ്യത്തിന്റെ കമക്ക് ശേഖരിക്കപ്പെട്ടു. വളരെ വലിയ സമ്പാദ്യം ഉണ്ടായി. ബാപ്ദാദ മഹാവീരരായ കുട്ടികളുടെ ധൈര്യവും. ഉണർവ്വും ഉത്സാഹവും കണ്ട് കോടിമടങ്ങ് ഹർഷിതമാകുപു. ധൈര്യം വച്ചു, സംഘഠന സദാ സ്നേഹത്തിന്റെ നൂലിൽ കോർക്കപ്പെട്ടിരിക്കുന്നു അതിനാൽ ഇതിന്റെ സഫലത ലഭിക്കുന്നു. സംഘഛന ശക്തിശാലിയല്ലേ. ചെറിയ മാല ശക്തിശാലിയാണ്. വള ഉണ്ടായിരിക്കുന്നു. മാല ഉണ്ടാക്കപ്പെട്ടിട്ടില്ല, വളയുണ്ടല്ലോ അതിനാൽ ചെറിയ മാലയുമ പൂജിക്കപ്പെടുന്നു. വളരെ നന്നായി തയ്യാരായിക്കൊണ്ടിരിക്കുന്നു. അതും നടക്കും, നടക്കുക തന്നെ വേണം. കേൾപ്പിച്ചായിരുന്നല്ലോ– വലിയ മാലയിലെ മുത്തുകൾ തയ്യാറാണ് എന്നാൽ ഒരു മുത്ത് മറ്റൊരു മുത്തുമായി യോജിക്കുന്നതിന് ഇനിയും സമയമെടുക്കും. ചെറിയ മാല നന്നായി തയ്യാറായിരിക്കുന്നു, ഈ മാല കാരണമാണ് സഫലത സഹജമായി ലഭിക്കുന്നത്, സഫലത സദാ മാലയിലെ മുത്തുകളുടെ കഴുത്തിൽ കോർക്കപ്പെട്ടിരിക്കുന്നു. വിജയത്തിന്റെ തിലകം ലഭിച്ചിരിക്കു്നനു. ബാപ്ദാദായ്ക്ക് സന്തോഷമുണ്ട്, കോടിമടങ്ങ് ആശീർവാദം, അതിനാൽ വളരെ നല്ല രീതിയിൽ നിറവേറ്റി, പാലനയുടെ രീതിയും നന്നായി നിറവേറ്റിയിരിക്കുന്നു. ശരി.

## വരദാനം– ശ്രേഷ്ഠ സങ്കല്പമാകുന്ന ബീജത്തിലൂടെ ശ്രേഷ്ഠമായ ഫലം പ്രാപ്തമാക്കുന്ന സിദ്ധി സ്വരൂപ ആത്മാവായി ഭവിക്കട്ടെ.

സിദ്ധി സ്വരൂപരായ ആത്മാക്കളുടെ ഓരോ സങ്കല്പം സ്വയത്തെ പ്രതി അഥവാ മറ്റുള്ളവരെ പ്രതി സിദ്ധി നേടി തരുന്നതായിരിക്കും. അവർക്ക് ഓരോ കർമ്മത്തിലും സിദ്ധി പ്രാപ്തമാകുന്നു. അവർ ഉച്ചരിക്കുന്ന ഓരോ വാക്കും സിദ്ധി നല്കുന്നതായിരിക്കുംഅതിനാൽ സത്യമായ വചനം എന്ന് പറയുന്നു. സിദ്ധി സ്വരൂപരായ ആത്മാക്കളുടെ ഓരോ സങ്കല്പം, വാക്ക്, കർമ്മം സിദ്ധി പ്രാപ്തമാക്കി തരുന്നതായിരിക്കും, വ്യർത്ഥമാകുന്നതായിരിക്കില്ല. സങ്കല്പമാകുന്ന ബീജം വളരെ നല്ലതാണ് പക്ഷെ ഫലം നല്ലത് ലഭിക്കുന്നില്ലായെങ്കിൽ ദൃഢമായ ധാരണയുടെ ഭൂമി ശരിയല്ല അല്ലെങ്കിൽ ശ്രദ്ധയുടെ പത്ഥ്യത്തിൽ കുറവുണ്ട്.

## സ്ലോഗൻ– ദുഃഖത്തിന്റെ അലകളിൽ നിന്നും മുക്തമാകണമെങ്കിൽ കർമ്മയോഗിയായി കർമ്മം ചെയ്യൂ.

**സൂചന–** ഇന്ന് മാസത്തിന്റെ മൂന്നാമത്തെ ഞായറാഴ്ച്ചയാണ്. സർവ്വ രാജയോഗി തപസ്വീ സഹോദരി സഹോദരൻമാർ സന്ധ്യക്ക് 6.30 മുതൽ 7.30 വരെ വിശേഷ യോഗാഭ്യാസത്തിന്റെ സമയത്ത് തന്റെ ആകാരി ഫരിസ്ഥ സ്വരൂപത്തിൽ സ്ഥിതി ചെയ്ത് മുഴുവൻ വിശ്വത്തിൽ സഞ്ചരിച്ച് പ്രകൃതി സഹിതം സർവ്വ ആത്മാക്കൾക്കും പ്രകാശവും ശക്തിയും ദാനം ചെയ്യുന്നതിനുള്ള സേവനം ചെയ്യണം.